**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** **23-01-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ രോഗചികിത്സക്കായുള്ള മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്ന് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ ; വിശദമാക്കാമോ; | (എ) | District Early Intervention Centre (DEIC) മുഖേന നൽകുന്ന മരുന്നുകൾ സാധാരണ ഗതിയിൽ അപസ്മാരം, വളർച്ചാ വൈകല്യങ്ങൾ തുടങ്ങി നിശ്ചിത ആരോഗ്യ അവസ്ഥകൾക്കുള്ള മരുന്നുകളാണ്. ഇവയിൽ ആവശ്യമായ എല്ലാ സാധാരണ മരുന്നുകളും ജനറൽ ആശുപത്രി ഫാർമസി മുഖേനയാണ് ലഭ്യമാക്കുന്നത്. മറ്റു പ്രത്യേകമായി കുറിക്കപ്പെടുന്ന മരുന്നുകൾ സംസ്ഥാന തലത്തിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് DEIC ജനറൽ ആശുപത്രി വഴി നൽകി വരുന്നുമുണ്ട്. |
| (ബി) | കോട്ടയത്തെ ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ ( ഡിസ്ടിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ ) വളർച്ചാ ഹോർമോണിന്റെ കുറവു നേരിടുന്ന രോഗചികിത്സക്കായി രജിസ്റ്റർ ചെയ്ത് മരുന്നിന് വേണ്ടി കാത്തിരിക്കുന്ന എത്ര രോഗികൾ ഉണ്ടെന്ന് അറിയിക്കുമോ; എന്നു മുതലാണ് അവർ മരുന്നിന് ആവശ്യപ്പെട്ടതെന്നും മരുന്ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ എന്നാണെന്നുമുള്ള വിവരം നൽകാമോ ; വിശദമാക്കുമോ ; | (ബി) | കോട്ടയം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ നിന്നും വളർച്ച ഹോർമോൺ ചികിത്സക്കായി 11 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യമായി ഡി.ഇ.ഐ.സി.- യിൽ നിന്നും കാരുണ്യ ഫാർമസി വഴി 29.09.2021 മുതൽ മരുന്ന് നൽകി തുടങ്ങുകയും 29.09.2021 മുതൽ 30.03.2024 വരെ മരുന്ന് വിതരണം നടത്തിവരികയും ചെയ്തിരുന്നു. രജിസ്റ്റർ ചെയ്ത 11 കുട്ടികളിൽ 8 കുട്ടികൾ ആണ് നിലവിൽമരുന്നിനുവേണ്ടി കാത്തിരിക്കുന്നത്. പുതുതായി രജിസ്റ്റർ ചെയ്യുവാനായി 4 കുട്ടികളും ഡി.ഇ.ഐ.സി. യെ സമീപിച്ചിട്ടുണ്ട്. സർക്കാരിന്റെ അപൂർവ രോഗ പോളിസിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം എസ്.എ.ടി മുഖേനയാണ് ഇനി മുതൽ മരുന്നുകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് എന്നുള്ള വിവരം എല്ലാ ഗുണഭോക്താക്കളെയും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാർഗരേഖ പ്രകാരം ഈ കുഞ്ഞുങ്ങളുടേയും പരിശോധനകൾ നടന്നു വരികയാണ്. |
| (സി) | കോട്ടയം ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ ആവശ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ? | (സി) | കോട്ടയം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ ആവശ്യമായ എല്ലാ സാധാരണ മരുന്നുകളും ജനറൽ ആശുപത്രി ഫാർമസി മുഖേനയാണ് ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| | | | വിലകൂടിയ മരുന്നുകൾ നൽകുന്നതിന് പ്രത്യേക അനുമതി ആവശ്യമായതിനാൽ ജില്ലാ തലത്തിൽ പ്രത്യേക കമ്മിറ്റി കൂടി സംസ്ഥാനതലത്തിലേക്ക് അറിയിക്കുകയും അവിടെനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് മരുന്നുകൾ നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ